## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 3231

20.06.2014-ൽ മറുപടിയ്ക്ക്

**വള്ളിക്കുന്ന് മണ്ഡലത്തിലെ പഞ്ചായത്തുകളുടെ വി ഭ ജനം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. എൻ. എ. ഖാദർ | | ഡോ.എം.കെ.മുനീർ<br>(ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
| എ) | വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ മൂന്നിയൂർ, പള്ളിക്കൽ, വള്ളിക്കുന്ന് എന്നീ പഞ്ചായത്തുകളെ വിഭജിച്ച് പുതിയ പഞ്ചായത്തുകൾ രൂപീകരിക്കണം എന്ന ആവശ്യം പരിഗണനയിൽ വന്നിട്ടുണ്ടോ ; | എ) | ഉണ്ട്. |
| ബി) | ഈ വിഷയത്തിൽ അടിയന്തിരമായി നടപടികൾ സ്വീകരിക്കുന്നതിന് സർക്കാർ മുന്നോട്ടു വരാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | ബി) | 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 4 പ്രകാരം ഒരു ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശം വിപുലപ്പെടുത്തുകയോ കുറയ്ക്കുകയോ ചെയ്യുന്ന യാതൊരു മാറ്റവും ആ പഞ്ചായത്തിന്റെ നിലവിലുള്ള ഭരണസമിതിയുടെ കാലാവധി തീരുന്നമുറയ്ക്കല്ലാതെ പ്രാബല്യത്തിൽ വരുത്താൻ പാടുള്ളതല്ലായെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. |
| സി) | ഡീലിമിറ്റേഷൻ കമ്മീഷൻ നിലവിൽ വരുമ്പോൾ ഇക്കാര്യത്തിൽ കൂടുതൽ നടപടി സ്വീകരിക്കുന്നതിന് തയ്യാറാവുമോ? | സി) | നിലവിലുള്ള ഗ്രാമപഞ്ചായത്തുകൾ വിഭജിച്ച് പുതിയ ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനും അതിനനുസൃതമായ പഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നതിനുമായി 10.06.2014ലെ സർക്കാർ ഉത്തരവ് (സാധാ) നം. 1465/2014/തസ്വഭവ പ്രകാരം പഞ്ചായത്ത് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ